# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1360 — 03.12.2018-ൽ മറുപടിക്ക്

## പുതുതായി എൽ.പി. സ്കൂളുകൾ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പുതുതായി എൽ.പി. സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഇല്ല. |
| (ബി) പുതുതായി എൽ.പി. സ്കൂളുകൾ ആരംഭി-ക്കുന്ന കാര്യത്തിലുള്ള നിലപാട് വിശദ-മാക്കാമോ; | (ബി) പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിന് വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ എൽ.പി. സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു. |
| (സി) പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിനു വേണ്ടി സ്കൂൾ മാപ്പിംഗ് തയ്യാറാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) സ്കൂൾ മാപ്പിംഗ് മുതൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതു വരെയുള്ള മുഴുവൻ നടപടികളും ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന റിട്ട് ഹർജികൾ പരിഗണിച്ച് അതാത് സമയത്ത് നൽകിയ ഉത്തരവുകൾക്ക് അനുസൃതമായാണ് നടപ്പിലാക്കിയിട്ടുള്ളത്. ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) ഉപയോഗിച്ച് എസ്.എസ്.എ. കേരള ഘടകത്തിന്റെ സഹായത്തോടെയാണ് സ്കൂൾ മാപ്പിംഗിന്റെ ആദ്യഘട്ടം പൂർത്തി-യാക്കിയത്. തുടർന്ന് 1 കിലോമീറ്റർ, 3 കിലോമീറ്റർ, 5 കിലോമീറ്റർ പരിധിയിൽപ്പെടുന്ന പ്രദേശങ്ങൾ GIS സാങ്കേതിക വിദ്യയുടെ സഹായത്തോടെ കണ്ടെത്തിയശേഷം ഇവയ്ക്ക് പുറത്തുവരുന്ന പ്രദേശങ്ങളുൾപ്പെടുന്ന പട്ടിക തയ്യാറാക്കുകയുണ്ടായി. പ്രസ്തുത പട്ടിക പൊതു വിദ്യാഭ്യാസ ഡയറക്ടർ ആദ്യ വിജ്ഞാപനമായി പുറത്തിറക്കുകയും ആയതിന്മേലുള്ള പരാതികൾ സ്വീകരിച്ച് പരിശോധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | മഞ്ചേരി മണ്ഡലത്തിൽ എലമ്പ്ര എന്ന പ്രദേശത്ത് എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി), | സ്കൂൾ മാപ്പിംഗ് നടത്തിയപ്പോൾ എലമ്പ്ര എന്ന പ്രദേശത്ത് എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിനുള്ള വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുകയുണ്ടായില്ല. അതിനാൽ അവിടെ എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാനാവില്ല. |
| (ഇ) | പ്രസ്തുത വിഷയത്തിൽ സർക്കാർ നയമോ സ്കൂൾ മാപ്പിംഗ് പൂർത്തിയാകാത്ത സാഹചര്യമോ അല്ലാതെ മറ്റേതെങ്കിലും സാങ്കേതിക തടസ്സമുണ്ടോ; വിശദമാക്കാമോ; | (ഇ) | സ്കൂൾ മാപ്പിംഗ് പ്രക്രിയ പൂർത്തീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു സാങ്കേതിക തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എലമ്പ്ര സ്കൂൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ? | (എഫ്) | ചോദ്യം (ഡി) പിരിവിന് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ